©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി II
# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും
# (LAND REVENUE AND DEVASWOM)

# പീരിയോഡിക്കൽ റിപ്പോർട്ട്
**(2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM $1^{ST}$ APRIL 2020 TO $31^{ST}$ MARCH, 2021)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്
(Presented on $26^{th}$ July, 2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി II
# (SUBJECT COMMITTEE II)

# ഭൂനികുതിയും ദേവസ്വവും
# (LAND REVENUE AND DEVASOM)

# പീരിയോഡിക്കൽ റിപ്പോർട്ട്
**(2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1ST APRIL 2020 TO 31ST MARCH, 2021)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

944/2021.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 20 |

# സബ്ജക്ട് കമ്മിറ്റി II
## (ഭൂനികുതിയും ദേവസ്വവും)
## (2021-2023)

### ഘടന

ചെയർമാൻ:

ശ്രീ. കെ. രാജൻ,
റവന്യൂ ഭവനനിർമ്മാണം വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. രാധാകൃഷ്ണൻ,
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി.

അംഗങ്ങൾ:

ഡോ. എൻ. ജയരാജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എം. രാജഗോപാലൻ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. വി. ശ്രീനിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ്. കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി എം. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

## അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 23-7-2020, 23-12-2020, 25-2-2020 എന്നീ തീയതികളിലായി 3 യോഗങ്ങൾ ചേരുകയുണ്ടായി. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, 2019-20-ലെ സമിതിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ആനുകാലിക റിപ്പോർട്ട് എന്നിവയുടെ കരട് റിപ്പോർട്ട് പരിഗണന, ചട്ടത്തിന്റെ സാധൂകരണം എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 55% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യായം I—സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II—സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III—സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

അദ്ധ്യായം IV—നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V—സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായംVI—(a) 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

(b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ.

അദ്ധ്യായം VII—സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2021 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**കെ. രാജൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2021 ജൂലൈ 1.

# റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

(1) 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 23-7-2020-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 24-8-2020-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(2) ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, 23-7-2020-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 24-8-2020-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകൾ

ഇല്ല.

## അദ്ധ്യായം III

## സമിതി പരിഗണിച്ച എസ്.ആർ.ഒ.

1) The Kerala Service Inam Land (Vesting and Enfranchisement) Amendment Rules, 2019 (എസ്.ആർ.ഒ. നമ്പർ 996/2019 തീയതി 23-12-2019) 23-7-2020-ലെ യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

ഇല്ല.

## അദ്ധ്യായം V

## സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| XI—ജില്ലാഭരണവുംപലവകയും | 2016-17 | കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ.) | 24-8-2020 |

## അദ്ധ്യായം VI

a) 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ സംബന്ധിച്ച സംഗ്രഹം.

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 30 | 1,3,4,6 -27 | 2,5,18,28,29,30 | 6 |

(b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർകളിൻമേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹു.വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3015/സബ്.സി.ബി1/2019/നി.സെ.)

### ശിപാർശ

2053-00-093-98—സംസ്ഥാനത്തെ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷനുകളുടെ പുനസംഘടന

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ (നോൺ പ്ലാൻ)

പുതുതായി രൂപീകരിച്ച റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്കുകൾ എന്നിവയുടെ പുനഃസംഘടനയുടെ പ്രാരംഭ ചെലവുകൾക്കായി നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 1.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

വിഷയനിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2019-20 വർഷം 2053-00-093-98 NPV ശീർഷകത്തിൽ അധികധനാനുമതിയായി 15,04,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2053-00-093-99—<u>കളക്ടർമാരും മജിസ്ട്രേറ്റുമാരും</u>

ബഡ്ജറ്റ് വിഹിതം : 163.645 കോടി രൂപ (നോൺ പ്ലാൻ)

ഔദ്യോഗിക വാഹനങ്ങൾ ഇല്ലാത്ത പുതിയതും പഴയതുമായ ആർ.ഡി.ഒ. ഓഫീസുകൾ, താലൂക്കുകൾ എന്നിവയ്ക്ക് 10 ലക്ഷം രൂപയിൽ കുറവുള്ള വാഹനങ്ങൾ വാങ്ങുന്നതിന് നിലവിൽ സർക്കാർ ഉത്തരവായ തുക കൂടാതെ കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

2019-20 വർഷത്തിൽ 2053-00-093-99-21(1) ശീർഷകത്തിൽ 60 ലക്ഷം രൂപ അധിക ധനവിനിയോഗാനുമതിയായി വാഹനം വാങ്ങുന്നതിന് അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2250-00-101-99—<u>സംസ്ഥാന ധർമ്മകാര്യം</u>

ബഡ്ജറ്റ് വിഹിതം : 12,000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം എസ്.എം.വി. സ്കൂളിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിലെ പൂജാരിക്ക് നൽകുന്ന ഓണറേറിയം പ്രതിമാസം ആയിരം രൂപയിൽനിന്നും രണ്ടായിരം രൂപയായി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ അധികമായി 12,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

2019-20 വർഷത്തിൽ 2250-00-101-99 ശീർഷകത്തിൽ കുടിശ്ശിക സഹിതം 28,000 രൂപ അധിക ധനവിനിയോഗാനുമതിയായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

റവന്യൂ വകുപ്പിന് കീഴിലെ പൊതുചെലവുകൾക്കുള്ള തുക ഈ വർഷവും പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതായും ആയത് തുടർന്നാൽ മുൻവർഷങ്ങളിലേതുപോലെതന്നെ നിർമ്മാണ പ്രവൃത്തികൾക്ക് ഈ വർഷവും പ്രതിസന്ധി നേരിടുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ റവന്യൂ വകുപ്പിന് കീഴിൽ 'ജനറൽ എക്സ്പെൻഡിച്ചർ' എന്ന നാമത്തിൽ ജനറൽ സർവ്വീസിൽ പുതിയൊരു ശീർഷകം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

5475-00-800-80-Works assigned to other agencies' എന്ന ശീർഷകത്തിന് കീഴിൽ '02-Land Revenue' എന്ന സബ് ശീർഷകം ബഡ്ജറ്റ് സോഫ്റ്റ്‌വെയറിൽ തുറന്നിട്ടുണ്ട്. 25-6-2019-ലെ 4853/2019/ധന. നമ്പർ ഉത്തരവ് പ്രകാരം 2019-20 സാമ്പത്തിക വർഷം റവന്യൂ വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ച പ്ലാൻ ഫണ്ട് 2029-00-001-98-PV എന്ന റവന്യൂ വകുപ്പിന്റെതന്നെ ശീർഷകത്തിലേക്ക് അധിക ധനാനുമതിയിലൂടെ മാറ്റി അനുവദിച്ചിട്ടുള്ളതും ആയതിനാൽ 2019-20-ലെ പ്ലാൻ ഫണ്ട് പുതിയ ശീർഷകത്തിലേയ്ക്ക് മാറ്റണമെന്ന പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല.

(റഫറൻസ് നമ്പർ എഫ്2/259/2019/റവ. തീയതി 11-11-2020)

(ഡിലെ സ്റ്റേറ്റ്മെന്റ് 13-1-2021 -ന് സഭയിൽ സമർപ്പിച്ചു)

## 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1605/സബ്.സി.ബി1/2018/നി.സെ.)

### ശിപാർശ

2053-00-094-50—ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരന്ത നിവാരണവും പുനരധിവാസവും

ബഡ്ജറ്റ് വിഹിതം: 500 ലക്ഷം രൂപ (പ്ലാൻ)

നിലവിൽ ദുരന്ത നിവാരണ അതോറിറ്റിയിലും സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തോടെ പ്ലാൻ ഫണ്ടിൽ നിന്നുമാണ് നൽകിവരുന്നതെന്നും അതോറിറ്റിയുടെ പ്രവർത്തനം 10 വർഷം പൂർത്തീകരിച്ചതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഹെഡ് (ശമ്പള ഹെഡ്) അനുവദിച്ച് 150 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

### സ്വീകരിച്ച നടപടി

5-8-2019-ലെ സ.ഉ.(സാധാ.) നമ്പർ 6193/2019/ധന ഉത്തരവ് പ്രകാരം ദുരന്ത നിവാരണ അതോറിറ്റിയിലും സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം മാറുന്നതിന് "2053-00-094-42-00-00-0-N-V-KERALA STATE DISASTER MANAGEMENT AUTHORITY' എന്ന നോൺ പ്ലാൻ ശീർഷകം അനുവദിച്ച് നല്കിയിട്ടുണ്ട്.

### ശിപാർശ

2053-00-094-47—സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ശാക്തീകരണം (100% കേന്ദ്രാവിഷ്കൃതം)

ബഡ്ജറ്റ് വിഹിതം: ഇല്ല.

ഈ പ്രോജക്ടിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും 55 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതായും അതിൽ 24.73 ലക്ഷം രൂപ ഇതിനകം ലഭിച്ചിട്ടുള്ളതുമാണെന്ന് സമിതി മനസ്സിലാക്കുന്നു. ബാക്കി തുകയായ 30.27 ലക്ഷം രൂപ 2018-19 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ശാക്തീകരണം എന്ന പ്രോജക്ടുമായി ബന്ധപ്പെട്ടുള്ള MOU -വിൽ ഈ പ്രോജക്റ്റ് 1-10-2015 മുതൽ 31-1-2017 വരെ നടപ്പിലാക്കണമെന്നും ഇതിനായി 55 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിക്കുമെന്നും പ്രതിപാദിച്ചിരുന്നു. 2053-00-094-47 Strengthening of SDMA & DDMA എന്ന ശീർഷകത്തിൽനിന്ന് 26-3-2016-ലെ സ.ഉ.(സാധാ.)നമ്പർ 2186/2016/ഡിഎംഡി പ്രകാരം 39,39,000 രൂപയും 23-1-2017-ലെ സ.ഉ.(സാധാ.) നമ്പർ 54/2017/ഡിഎംഡി പ്രകാരം അഡീഷണൽ ആതറൈസേഷൻ വഴി 24,73,000 രൂപയും ഉൾപ്പെടെ 64,12,000 രൂപ (അറുപത്തിനാല് ലക്ഷത്തി പന്ത്രണ്ടായിരം രൂപ മാത്രം) സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ശാക്തീകരണം എന്ന പ്രോജക്ടിനായി അനുവദിച്ച് നല്കുകയും ഈ തുക ഉപയോഗിച്ച് 14 ജില്ലകളിലും വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുകയും ഈ പ്രോജക്ടിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിച്ച പ്രവൃത്തികളെല്ലാം പൂർത്തീകരിക്കുകയും നിലവിൽ ഈ പ്രോജക്ടിന്റെ തുടർനടത്തിപ്പ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2053-00-094-46—<u>ലാന്റ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് - ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 160 ലക്ഷം രൂപ (പ്ലാൻ)

റവന്യൂ ഗൈഡ്, റവന്യൂ വാർത്ത എന്നിവ പ്രസിദ്ധീകരിക്കുന്നതിനും പ്രിന്റർ, സ്കാനർ ഉൾപ്പെടെ ഉപകരണങ്ങൾ വാങ്ങുന്നതിനും ഓപ്പൺ എയർ ആഡിറ്റോറിയം നിർമ്മാണത്തിനും ട്രെയിനിംഗിനും കൂടുതൽ തുക ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിൽ ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപ അനുവദിച്ചിരുന്നുവെങ്കിലും 31-3-2018-ന് സർക്കാർ ബാലൻസ് തുക TSB അക്കൗണ്ടിൽനിന്നും പിൻവലിച്ചതിനാൽ ടി വിഷയത്തിൽ മറ്റ് നടപടികളൊന്നും

സ്വീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. നിലവിൽ ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ പ്രസ്തുത കാര്യാലയത്തിൽനിന്നും സ്വീകരിച്ചുവരുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ തുടർനടപടികളും അധിക ഫണ്ടും അനുവദിക്കേണ്ടതില്ല എന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

(റഫൻസ് നമ്പർ ജി1/49/2020/റവ., തീയതി 23-1-2021)

ശിപാർശ

2245-80-102-94—ഇന്ത്യയിൽ വെള്ളപ്പൊക്ക ഭീഷണി ഏറ്റവും കൂടുതൽ നേരിടുന്ന തെരഞ്ഞെടുത്ത 30 ജില്ലകളിൽ സാമൂഹിക സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിന് (ആപ്ത മിത്രാ) – കോട്ടയം ജില്ല

ബഡ്ജറ്റ് വിഹിതം : ഇല്ല

ദുരന്ത പ്രതികരണവുമായി ബന്ധപ്പെട്ട് പ്രാദേശിക വോളന്റിയർമാരെ പരിശീലിപ്പിക്കുന്നതിനായുള്ള ഈ പദ്ധതിക്ക് അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ പ്രസ്തുത പദ്ധതിയുമായി (ആപ്തമിത്രാ) ബന്ധപ്പെട്ട ഈ ശീർഷകത്തിൽ 22.70 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

12-6-2019-ലെ സ.ഉ.(സാധാ.) നമ്പർ 371/19/ഡിഎംഡി ഉത്തരവ് പ്രകാരം ആപ്തമിത്രാ പ്രോജക്ടിനായി 22,70,000 രൂപ അനുവദിക്കുകയും 7-11-2019-ലെ സ.ഉ.(ആർറ്റി.) നമ്പർ 8797/2019/ധന. ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖാന്തരം തുക വകയിരുത്തി 21-12-2019-ലെ സ.ഉ.(ആർറ്റി.) നമ്പർ 919/2019/ഡിഎംഡി പ്രകാരം തുക റിലീസ് ചെയ്തിട്ടുണ്ട്.

ശിപാർശ

2245-80-800-80—പലവക ദുരിതാശ്വാസ പ്രവർത്തനത്തിനുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 500 ലക്ഷം രൂപ (നോൺ പ്ലാൻ)

ഓഖി ദുരന്ത ബാധിതർക്ക് കേന്ദ്ര സർക്കാർ നൽകിയ ധനസഹായം വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ 10000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

18-6-2018-ലെ സ.ഉ.(സാധാ.) നമ്പർ 5143/2018/ധന ഉത്തരവ് പ്രകാരം 2,00,00,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖാന്തരവും 16-8-2018-ലെ സ.ഉ.(സാധാ.) നമ്പർ 6967/2018/ ധന. ഉത്തരവ് പ്രകാരം 5,00,00,000 രൂപയും 10-10-2018-ലെ സ.ഉ.(സാധാ.) നം.8428/ 2018/ധന. ഉത്തരവ് പ്രകാരം 3,00,00,000 രൂപയും അഡീഷണൽ ആതറൈസേഷൻ മുഖാന്തരം പ്രസ്തുത ശീർഷകത്തിൽ വകയിരുത്തുകയുണ്ടായി.

(റഫറൻസ് നമ്പർ DMA4/406/2018-DMD, തീയതി 8-9-2020)

(ഡിലേ സ്റ്റേറ്റ്മെന്റ് 13-1-2021-ന് സഭയിൽ സമർപ്പിച്ചു)

## <u>2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 4577/സബ്.സി.ബി.1/2016/നി.സെ.)

<u>ശിപാർശ</u>

2053-00-093-99—<u>കളക്ടർമാരും മജിസ്ട്രേട്ട്മാരും</u>

ബഡ്ജറ്റ് വിഹിതം : 1,30,77.08 ലക്ഷം രൂപ (നോൺ പ്ലാൻ)

ശബരിമല സീസണോടനുബന്ധിച്ചുള്ള ചെലവിനും സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക് ദിനം എന്നിവ ജില്ലകളിൽ സംഘടിപ്പിക്കുന്നതിനുള്ള ചെലവിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് കാലയളവിൽ ഇടുക്കി ജില്ലയ്ക്ക് പത്ത് ലക്ഷം രൂപയും പത്തനംതിട്ട ജില്ലയ്ക്ക് 1.78 ലക്ഷം രൂപയും മിനി പമ്പയിലെ ചെലവുകൾക്ക് 10 ലക്ഷം രൂപയും ഈ വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2215-02-105-95—<u>ഗ്രാമീണ ശുചീകരണ സർവ്വീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള ധനസഹായം)</u>

ബഡ്ജറ്റ് വിഹിതം : 105.38 ലക്ഷം രൂപ (നോൺ പ്ലാൻ)

ശബരിമലയിലെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിനും ശുചീകരണ പ്രവർത്തനങ്ങൾക്കും വിശുദ്ധി സേനാംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ, സാനിറ്റേഷൻ സൊസൈറ്റിയുടെ ചെലവുകൾ, ടോൾഫ്രീ ലൈൻ വോളന്റിയർ രജിസ്ട്രേഷൻ, സേഫ് ശബരിമല പ്രോജക്ട് എന്നിവയ്ക്കും പമ്പാ നദിയിൽ നിക്ഷേപിക്കുന്ന തുണികൾ നീക്കംചെയ്യുന്നതിനുള്ള ചെലവുകൾക്കുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ ഈ ഇനത്തിൽ 819.62 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് കാലയളവിൽ ശബരിമല ശുചീകരണ പദ്ധതിക്കുള്ള ധനസഹായം ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ അധികം തുക ആവശ്യമായി വന്നതിനാൽ 1.5 കോടി രൂപ അഡീഷണൽ ആതറൈസേഷൻ മുഖാന്തരം നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ റവ-ദേവ.2/506/2020-റവ. തീയതി 2-2-2021)

<u>ശിപാർശ</u>

3475-00-201-93—<u>കർഷക പുനരധിവാസ ഫണ്ടിൽനിന്നും കൊടുക്കുന്നതിന് - മറ്റ് ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം : 18 ലക്ഷം രൂപ (നോൺ പ്ലാൻ)

കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതുകൊണ്ട് നഷ്ടം സംഭവിച്ച ജന്മിമാർക്ക് സാന്ത്വന പ്രതിഫലം നൽകുന്നതിനും മറ്റ് സാമ്പത്തിക സഹായം നൽകുന്നതിനുമാണ് ഈ ഇനത്തിൽ തുക വകയിരുത്തിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. 1-9-2014-ലെ ജി.ഒ.(എം.എസ്) നമ്പർ 380/2014/റവന്യൂ ഉത്തരവ് പ്രകാരം ജന്മി പെൻഷൻ 1,500 രൂപയിൽനിന്നും 3,000 രൂപയായി വർദ്ധിപ്പിച്ചെങ്കിലും ബഡ്ജറ്റിൽ അതിന് അനുസൃതമായ വർദ്ധനവ് വരുത്തിയിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ പ്രസ്തുത ആവശ്യം കണക്കിലെടുത്ത് 43.92 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

ജന്മി പെൻഷൻ നൽകുന്നതിനായി 43.92 ലക്ഷം രൂപ അധികമായി അനുവദിക്കാൻ വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തു. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി ഡിമാൻസ് ഫോർ ഗ്രാന്റിൽ (ഉപധനാഭ്യർത്ഥന) ശിപാർശ സമർപ്പിക്കുകയും 1-11-2016-ലെ G.O.(Rt)No.8576/2016/Fin. പ്രകാരം 3475-00-201-93 ശീർഷകത്തിൽ 43.92 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷം 3475-00-201-93 ശീർഷകത്തിൽ ആകെ 61.92 ലക്ഷം രൂപ (18 ലക്ഷം + 43.92 ലക്ഷം) ലഭിച്ചതിൽ 49,41,154 രൂപ ചെലവ് ചെയ്യുകയും ബാക്കി തുക 12,20,846 രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

നടപ്പുസാമ്പത്തിക വർഷം 3475-00-201-93 ശീർഷകത്തിൽ 39.96 ലക്ഷം രൂപ അനുവദിച്ചതിൽ നാളിതുവരെ 20,86,900 രൂപയുടെ ചെലവ് വന്നിട്ടുണ്ട്.

<u>ശിപാർശ</u>

3475-00-201-89—<u>1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കപ്പെട്ട മിച്ചഭൂമിയുടെ താൽക്കാലിക നിയന്ത്രണ ചെലവ്</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

കേരള ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്ത എല്ലാ ജില്ലകളിലുമുള്ള മിച്ചഭൂമി ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് പതിച്ച് നൽകുന്നതുവരെയും സംരക്ഷിക്കുന്നതിനുള്ള ചെലവുകൾക്കായി 20 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

ഏറ്റെടുത്ത മിച്ചഭൂമി സംരക്ഷിക്കുന്നതിന് 20 ലക്ഷം രൂപ അധികമായി അനുവദിക്കാൻ വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തു. പ്രസ്തുത തുകയുടെ അടിസ്ഥാനത്തിൽ 20 ലക്ഷം അനുവദിക്കുന്നതിനായി സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റിൽ ശിപാർശ സമർപ്പിച്ചുവെങ്കിലും തുകയൊന്നും അനുവദിച്ചിരുന്നില്ല.

നടപ്പുസാമ്പത്തിക വർഷം 3475-00-201-89 ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിച്ചതിൽ നാളിതുവരെ 1,78,800 രൂപയുടെ ചെലവ് വന്നിട്ടുണ്ട്.

(റഫറൻസ് നമ്പർ എൻ 1/128/2020/റവ. തീയതി 24-2-2021)

ശിപാർശ

റവന്യൂ വകുപ്പിൽനിന്നും യഥാസമയം പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് നൽകാത്തതുകൊണ്ടാണ് കഴിഞ്ഞ വർഷം NLRMP പദ്ധതിക്ക് കേന്ദ്രാനുമതിയും കേന്ദ്ര വിഹിതവും ലഭിക്കാത്തതെന്നും ആയതിനാൽ 2015-16 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിക്കാൻ സാധിച്ചില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ പദ്ധതിക്ക് 100% കേന്ദ്ര സഹായം ലഭിക്കുന്നതിനുള്ള റിവൈസ്ഡ് പ്രൊപ്പോസൽ അടിയന്തരമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം NLRMP പദ്ധതിക്ക് കേന്ദ്രവിഹിതമൊന്നും ലഭിച്ചിട്ടില്ല. 2016 സാമ്പത്തിക വർഷം മുതൽ ടി പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതിയായി (DILRMP) മാറ്റിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം സമർപ്പിച്ച റിവൈസ്ഡ് പ്രൊപ്പോസലിന് കേന്ദ്രാനുമതിയും 12.49 കോടി രൂപ കേന്ദ്രവിഹിതവും (100%) ലഭിച്ചിട്ടുണ്ട്.

ശിപാർശ

കേരളത്തിലെ 879 വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായെങ്കിലും പലർക്കും ഭൂമി നഷ്ടപ്പെട്ടതായും നിലവിലെ രീതിയിൽ ബാക്കിയുള്ള വില്ലേജുകളിൽകൂടി റീസർവ്വേ പൂർത്തിയാക്കുന്നതിന് 50 വർഷമെങ്കിലും വേണ്ടിവരുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ റീസർവ്വേ നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്നും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഒരു സ്പെഷ്യൽ ടീമിനെക്കൊണ്ടോ ഏതെങ്കിലും ഏജൻസിയെക്കൊണ്ടോ ചുരുങ്ങിയ കാലയളവിൽ റീസർവ്വേ നടപടിക്രമങ്ങൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

റീസർവ്വേ നടപടികൾ ലഘൂകരിച്ച് ആധുനിക സർവ്വേ ഉപകരണങ്ങളായ GPS (Global Positioning System), ETS (Electronic Total Station) തുടങ്ങിയവയുടെ സഹായത്താൽ ഡിജിറ്റലായി റീസർവ്വേ നടപടികൾ കുറ്റമറ്റ രീതിയിലും സമയബന്ധിതമായും പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 24-1-2017-ലെ സ.ഉ. (എം.എസ്) 28/2017/റവന്യൂ പ്രകാരം റീസർവ്വേ പുനസ്ഥാപിച്ചതിനുശേഷം 29 വില്ലേജുകൾ പൂർണ്ണമായും 18 വില്ലേജുകൾ ഭാഗികമായും പൂർത്തീകരിച്ച് റിക്കാർഡുകൾ

റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും അപ്രകാരം സംസ്ഥാനത്ത് ആകെ 908 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. റീസർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർവ്വേ വകുപ്പിന്റെ മാനവശേഷി അപര്യാപ്തമായ സാഹചര്യത്തിൽ കേന്ദ്രസംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരേയും സർവ്വേ സ്കൂളിൽനിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ജീവനക്കാരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി 10-5-2018-ലെ സ.ഉ. (എം.എസ്.) 181/2018/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കൃത്യവും കാര്യക്ഷമവുമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഭൂരേഖാ പരിപാലനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പോക്കുവരവിന്റെ എല്ലാ നടപടികളും ഓൺലൈൻ സംവിധാനവുമായി സംയോജിപ്പിക്കുക, ഭൂരേഖകളുടെ പരിപാലനത്തിനായി ഇൻഫർമേഷൻ ടെക്നോളജിയിൽ അധിഷ്ഠിതമായ ചട്ടക്കൂടുകൾ അന്തിമമായി നിർണ്ണയിക്കുക, റീസർവ്വേ ആധുനീകരിക്കുക, സർവ്വേ ഡിജിറ്റൈസേഷൻ നടപടികൾ ഏകോപിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി, ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കി പ്രവർത്തിക്കുന്നതിനും, DILRMP മാർഗ്ഗരേഖകൾക്കനുസൃതമായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU) ആയി പ്രവർത്തിച്ച് പ്രോജക്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുംവേണ്ടി 25-6-2018-ലെ സ.ഉ (എം.എസ്) 236/2018/റവ. പ്രകാരം കേരള ലാൻഡ് റിക്കാർഡ് മോഡണൈസേഷൻ മിഷൻ (KLRMM) എന്ന പേരിൽ ഒരു സൊസൈറ്റിയും രൂപീകരിച്ചിട്ടുണ്ട്. റവന്യൂ ഭരണത്തിന്റെ ഭാഗമായി RELIS എന്ന സോഫ്റ്റ്‌വെയറും, വസ്തുക്കൾ രജിസ്ട്രേഷനുവേണ്ടി PEARL എന്ന സോഫ്റ്റ്‌വെയറും ആണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. ഈ രണ്ട് സോഫ്റ്റുവെയറും NIC തയ്യാറാക്കിയിട്ടുള്ളതാണ്.

സർവ്വേ വകുപ്പിനായി NIC തയ്യാറാക്കിയിട്ടുള്ള 'ഭൂനക്ഷ' എന്ന സോഫ്റ്റ്‌വെയർകൂടി ഉപയോഗിച്ച് സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂമി സംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് ഓൺലൈൻ മുഖേന മാപ്പ് ഉൾപ്പെടെയുള്ളവയുടെ ഭൂപരിപാലനം സാധ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിലേക്കായി NIC യുമായി ബന്ധപ്പെട്ട് 'ഭൂനക്ഷ' എന്ന സോഫ്റ്റ്‌വെയർ കസ്റ്റമൈസേഷൻ നടപടി സ്വീകരിച്ചുവരുന്നു. സർവ്വേ പ്രവർത്തനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് ആധുനിക സർവ്വേ സമ്പ്രദായമായ CORS (Continuously Operating Reference Stations) നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിന് 16-10-2020-ലെ സ.ഉ. (സാധാ)3179/2020/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം 12 കോടി രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും സർവ്വേ ഓഫ് ഇന്ത്യ മുഖാന്തരം CORS സ്ഥാപിക്കുന്നതിനായി ടി സ്ഥാപനവുമായി MoU ഒപ്പുവച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(റഫറൻസ് നമ്പർ E1/284/2017-REV, തീയതി 24-2-2021)

## ശിപാർശ

സർക്കാർഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ അവസാനിപ്പിക്കുന്നതിനും ഭൂമി തിരിച്ചുപിടിക്കുന്നതിനുമുള്ള പദ്ധതിയിൽ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ദീർഘനാളുകൾകൊണ്ട് മാത്രമെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ എന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ 2016-17-ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ച് കൂടുതൽ വോളന്റിയർമാരെ ഉൾപ്പെടുത്തി പ്രവൃത്തി കഴിയുന്നത്രവേഗം പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇടുക്കി, തൃശ്ശൂർ ജില്ലകളിലെ കയ്യേറ്റഭൂമി പൂർണ്ണമായും തിരിച്ചുപിടിക്കുന്നതിനും തിരിച്ചുപിടിച്ചവ സംരക്ഷിക്കുന്നതിനും ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ ജാഗ്രത പുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

## സ്വീകരിച്ച നടപടി

സർക്കാർഭൂമി കയ്യേറ്റം 27-5-2016-നുശേഷം കർശനമായി നിരോധിക്കണമെന്നും പുതിയ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയവ ഒഴിവാക്കുന്നതിലേയ്ക്കായി കർശന നടപടികൾ സ്വീകരിക്കണമെന്നുമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ 30-5-2016 -ൽ LRK4-19704/2016-ാം നമ്പർ കത്ത് പ്രകാരം സർക്കാർഭൂമി കയ്യേറപ്പെടാതെ സംരക്ഷിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽഉത്തരവ് യഥാവിധി പാലിയ്ക്കുന്നതിലേയ്ക്കായും സർക്കാർഭൂമി കയ്യേറ്റങ്ങളും ടി ഭൂമിയിന്മേലുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും മേലിൽ ഉണ്ടാകാതിരിക്കുന്നതിലേയ്ക്കായും കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്ത സ്ഥലങ്ങൾ വീണ്ടും കയ്യേറപ്പെടാതെ സംരക്ഷിക്കുന്നതിലേയ്ക്കുമായി നിതാന്ത ജാഗ്രത പുലർത്തുവാനും ഇത്തരം അനധികൃത പ്രവർത്തനങ്ങൾക്കെതിരായി സമയബന്ധിതമായിതന്നെ നടപടികൾ സ്വീകരിക്കുവാനും എല്ലാ ഉപകാര്യാലയങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ കുറ്റമറ്റതും സമയബന്ധിതവു മാക്കുന്നതിലേയ്ക്കായി സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച ഒരു സർക്കുലർ എല്ലാ ഉപകാര്യാലയങ്ങളിലേയ്ക്കും നൽകിയിട്ടുള്ളതും ഓരോ മാസവും അവസാനത്തെ പ്രവൃത്തി ദിവസം താലൂക്കുതലത്തിൽ അഡീഷണൽ തഹസിൽദാർ/സ്പെഷ്യൽ റവന്യൂ ആഫീസർ, മൂന്നാർ എന്നിവർ കെ.എൽ.സി. റിവ്യൂ മീറ്റിംഗ് വിളിച്ചുചേർത്ത് ഓരോ കേസും വിശകലനം ചെയ്ത് പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതും ആയത് സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് സമയബന്ധിതമായിത്തന്നെ ബന്ധപ്പെട്ട സബ് ഡിവിഷൻ അധികാരി മുഖാന്തരം ഇടുക്കി ജില്ലാ കളക്ടർക്ക് ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശം

നൽകിയിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർഭൂമി, പുഴ, പുഴ പുറമ്പോക്കുകൾ എന്നിവയിന്മേൽ തുടർച്ചയായ അവധി ദിവസങ്ങളിലും രാത്രികാലങ്ങളിലും ഉണ്ടായേക്കാവുന്ന അനധികൃത കയ്യേറ്റങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിലേയ്ക്കായി താലൂക്കുതലത്തിൽ താലൂക്ക്, വില്ലേജ് ആഫീസിലെ വിവിധ തസ്തികയിലുള്ള ജീവനക്കാരുടെ ഒരു പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുള്ളതും ടി സംഘം ഇപ്രകാരമുള്ള നിയമലംഘനങ്ങൾക്കെതിരെ സമയബന്ധിതമായിത്തന്നെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പോരുന്നതുമാണ്.

സർക്കാർഭൂമിയിന്മേൽ ഉണ്ടായേക്കാവുന്ന അനധികൃത കയ്യേറ്റങ്ങൾ യഥാസമയം കണ്ടുപിടിച്ച് ഒഴിപ്പിക്കുന്നതിലേയ്ക്കും കയ്യേറ്റമൊഴിപ്പിച്ച സർക്കാർഭൂമി വീണ്ടും കയ്യേറപ്പെടാതെ സംരക്ഷിക്കുന്നതിലേയ്ക്കുമായി താലൂക്കുതലത്തിൽ ഭൂസംരക്ഷണ സേനയുടെ പട്രോളിംഗും നടത്തിപ്പോരുന്നു. കേരള ഭൂസംരക്ഷണ നിയമ പ്രകാരം സ്വീകരിച്ച ഒഴിപ്പിക്കൽ നടപടികൾക്കെതിരായി വിവിധ കോടതികളിൽ വിവിധ വ്യക്തികൾ ഫയൽ ചെയ്ത കേസുകളിന്മേൽ സർക്കാർ ഭാഗം ബോധിപ്പിക്കുന്നതിലേയ്ക്കായി യഥാസമയം വസ്തുതാ വിവരണ പ്രസ്താവന, എതിർ സത്യവാങ്മൂലം എന്നിവ ഫയൽ ചെയ്തുപോരുന്നതുമാണ്. സർക്കാർഭൂമി അന്യാധീനപ്പെടാതിരിക്കുന്നതിലേയ്ക്കായി മേൽപരാമർശിച്ചിരിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിൽ അതീവ ജാഗ്രത പുലർത്തിപ്പോരുന്നതാണ്. ശിപാർശ 22-നുള്ള നടപടി റിപ്പോർട്ട് താമസംവിനാ ലഭ്യമാക്കുന്നതാണ്. ഇക്കാര്യം ബഹു. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് താൽപ്പര്യപ്പെടുന്നു.

(റഫറൻസ് നമ്പർ എ 4/12/2018/RD, തീയതി 24-1-2020)

(ഡിലേ സ്റ്റേറ്റ്മെന്റ് 24-8-2020 -ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

വനഭൂമിക്ക് പട്ടയം നൽകുന്നതിന് ഇടുക്കിയിലും തൃശ്ശൂരിലും പ്രത്യേക യൂണിറ്റുകൾ ആരംഭിച്ചെങ്കിലും 13200-ഓളം എൻ. ആർ. എഫ്. പട്ടയങ്ങളും 2600-ഓളം ആർ. എഫ്. പട്ടയങ്ങളും ഇനിയും അനുവദിക്കേണ്ടതായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. തൃശ്ശൂർ, ഇടുക്കി ജില്ലകളിലെ ആർ. എഫ്., എൻ. ആർ. എഫ്. പട്ടയങ്ങൾക്കുവേണ്ടി വർഷങ്ങളായി കാത്തിരിക്കുന്ന പാവപ്പെട്ട ജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് അവർക്ക് പ്രയോജനപ്പെടുന്നവിധത്തിൽ സമയബന്ധിതമായി പ്രസ്തുത പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

വനഭൂമിക്ക് പട്ടയം നൽകുന്നതിന് ഇടുക്കിയിലും തൃശ്ശൂരിലും പ്രത്യേകം യൂണിറ്റ് ആരംഭിച്ച് ആർ. എഫ്, എൻ. ആർ. എഫ്. തുടങ്ങിയ പട്ടയങ്ങൾ നൽകിയിട്ടുള്ളതാണ്. ടി പട്ടയങ്ങൾ നൽകുന്നതിലെ അവ്യക്തത 22-6-2019-ലെ റവന്യൂ (എൽ) വകുപ്പിന്റെ സ.ഉ (കൈ.) 189/2019/റവ., 6-3-2020 -ലെ സ.ഉ. (കൈ.) 90/20/റവ. എന്നീ സർക്കാർ ഉത്തരവുകളിലൂടെ നീക്കിയാണ് ടി പട്ടയങ്ങൾ നൽകിയിട്ടുള്ളത്. ഇനിയും പട്ടയം ലഭിക്കാൻ ശേഷിക്കുന്നവർ, ടിയാളുകൾ അപേക്ഷകൾ സമർപ്പിക്കുന്നമുറയ്ക്ക് അർഹത പരിശോധിച്ച് പട്ടയം നൽകുന്നതാണ്.

<u>ശിപാർശ</u>

ആർ. എഫ്, എൻ. ആർ. എഫ്. പട്ടയങ്ങൾ അനുവദിച്ച് നൽകുന്നതിനുള്ള സംവിധാനമെന്ന നിലയ്ക്ക് തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ മണ്ഡലത്തിൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുമെന്ന് സർക്കാർ ഉറപ്പുനൽകിയിരുന്നെങ്കിലും നാളിതുവരെ അത് പ്രാവർത്തികമാക്കിയിട്ടില്ലെന്നും ആയതിനാൽ നിലവിലുള്ള സ്ഥാപനത്തിന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഒല്ലൂർ മണ്ഡലത്തിലെ ആർ. എഫ്, എൻ. ആർ. എഫ്. പട്ടയങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്നും ഇനിയും കൂടുതൽ പട്ടയം വിതരണം ചെയ്യുന്നതിനുള്ള സാധ്യത സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

ഒല്ലൂർ നിയോജകമണ്ഡലത്തിൽ ആകെ പട്ടയം നൽകുന്നതിനുള്ള 826 കേസുകൾ ഉള്ളതിൽ 200 പട്ടയങ്ങൾ തയ്യാറാക്കി വിതരണ നടപടി മാത്രം ബാക്കിയുള്ളതും ശേഷിക്കുന്ന 626 കേസുകളിൽ നടപടി പുരോഗമിച്ചുവരികയും ചെയ്യുന്നു.

(റഫറൻസ് നമ്പർ 71/എൽ3/2020/റവ., തീയതി 26-11-2020)

(ഡിലേ സ്റ്റേറ്റ്മെന്റ് 13-1-2021 -ന് സഭയിൽ സമർപ്പിച്ചു)

## 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3409/സബ്.സി.ബി1/2015/നി.സെ.)

### ശിപാർശ

2029-00-102-97—അന്തർ സംസ്ഥാന അതിർത്തി കൂട്ടായി പരിശോധിക്കൽ

ബഡ്ജറ്റ് വിഹിതം : 2,000 രൂപ (നോൺ പ്ലാൻ)

കേരളവുമായി ബന്ധപ്പെട്ട് കിടക്കുന്ന തമിഴ്നാടിന്റെയും കർണ്ണാടകത്തിന്റെയും പൊതു അതിർത്തികൾ കൂട്ടായി പരിശോധിക്കുന്നതിനും ജീവനക്കാരുടെ യാത്രാചെലവുകൾക്കും മറ്റ് അനുബന്ധ ചെലവുകൾക്കും ഈ വർഷം അനുവദിച്ച തുകയായ 2,000 രൂപ അപര്യാപ്തമായതിനാൽ 20,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

### സ്വീകരിച്ച നടപടി

കേരളവുമായി ബന്ധപ്പെട്ടുകിടക്കുന്ന തമിഴ്നാടിന്റെയും കർണാടകത്തിന്റെയും പൊതു അതിർത്തി പരിശോധന സംബന്ധിച്ച് റ്റി. എ. ഇനത്തിൽ അധികതുക ആവശ്യമായി വന്നിരുന്നില്ല.

### ശിപാർശ

2029-00-102-99-21(1) —(നോൺ പ്ലാൻ) സർവ്വേ വകുപ്പ് (ജനറൽ)

2029-00-102-95-21(1)—(നോൺപ്ലാൻ) ഭൂപരിഷ്കരണംനടപ്പിലാക്കുന്നതിലേക്ക് ഭൂമി സംബന്ധമായ രേഖകൾ തയ്യാറാക്കൽ, രേഖകൾ മോശമായ പ്രദേശങ്ങളുടെ പുനർ സർവ്വേ (കണ്ണാടി സർവ്വേ)

റവന്യൂ വകുപ്പിൽ നടപ്പുസാമ്പത്തികവർഷം പുതിയ വാഹനങ്ങൾ വാങ്ങുന്നതിലേക്ക് തുക അനുവദിച്ചിട്ടില്ല. ആധുനിക ഉപകരണങ്ങൾ ഫീൽഡിൽ എത്തിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ നടക്കുന്ന മലമ്പ്രദേശങ്ങളിലും മറ്റും ദീർഘദൂരം സഞ്ചരിക്കുന്നതിന് 15 വർഷത്തിലേറെ പഴക്കംചെന്ന നിലവിലുള്ള വാഹനങ്ങൾ അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകങ്ങളിൽ യഥാക്രമം 112 ലക്ഷം രൂപയും 44 ലക്ഷം രൂപയും (ആകെ 156 ലക്ഷം രൂപ) അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

സർവ്വേ ഡിപ്പാർട്ട്മെന്റിലേയ്ക്കായി വാഹനം വാങ്ങുന്നതിനായി 2029-102-95-21(1)- ൽ (12,28,000+75,000+39,000) രൂപ അനുവദിച്ചിരുന്നു. ആയതിൽ 2 ബൊലേറോകൾ വാങ്ങിയിട്ടുണ്ട്.

<u>ശിപാർശ</u>

2029-00-102-93—<u>സർവ്വേ ട്രെയിനിംഗ് സ്കൂളുകളുടെ നവീകരണം</u>

ബഡ്ജറ്റ് വിഹിതം : 1750,00,00,000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരത്ത് ഹോസ്റ്റലുകളും സ്റ്റാഫ് ക്വാർട്ടേഴ്സും അടങ്ങുന്ന ട്രെയിനിംഗ് സെന്ററിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും കണ്ണൂർ ട്രെയിനിംഗ് സെന്ററിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും പ്രസ്തുത കെട്ടിടത്തിലും സർവ്വേ ട്രെയിനിംഗ് സ്കൂളിലും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുപുറമെ 13.75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

ട്രെയിനിംഗ് സെന്ററിന്റെ സ്ഥലലഭ്യത സംബന്ധിച്ച് തീരുമാനം ആകാത്ത സാഹചര്യത്തിൽ അധികതുക ആവശ്യമായിരുന്നില്ല.

<u>ശിപാർശ</u>

2506-00-103-94—<u>ഭൂരേഖകളുടെ ആധുനികവൽക്കരണം (എൻ.എൽ.ആർ.എം.പി.)-</u>
<u>ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണം (100% കേന്ദ്രസഹായം)</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

റവന്യൂ സംബന്ധമായ ഭരണത്തിന്റെ സുതാര്യതയും കാര്യക്ഷമതയും ലക്ഷ്യംവച്ച് 100% കേന്ദ്രസഹായത്തോടുകൂടി നടപ്പിലാക്കുന്ന ഈ പദ്ധതി റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണവും റിക്കാർഡുകളുടെ ആധുനികവൽക്കരണവും ഒപ്പം സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ട് പൂർത്തീകരിച്ചുവരുന്നു. 2014-15 വർഷത്തിൽ 992.76 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും തുക ചെലവഴിച്ചില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ 2015-16 വർഷത്തേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്ന 2 കോടി 7 ലക്ഷം രൂപയോടൊപ്പം മുൻവർഷം വകയിരുത്തിയിരുന്ന 992.76 ലക്ഷം രൂപയുംകൂടി ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

2506-00-103-93(02)—ഭൂരേഖകളുടെ കാലോചിതമായ സർവ്വേയും തീർപ്പാക്കലും

ബഡ്ജറ്റ് വിഹിതം : 4,20,00, 000 രൂപ (50% കേന്ദ്രവിഹിതം) (പ്ലാൻ)

ഭൂരേഖകളുടെ കാലോചിതമായ സർവ്വേയും തീർപ്പാക്കലും പദ്ധതിക്കുവേണ്ടി 3510 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ 420 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആകയാൽ ശേഷിക്കുന്ന 3090 ലക്ഷം രൂപയും മുൻവർഷം ഇതേ ശീർഷകത്തിൽ വകയിരുത്തിയ 420 ലക്ഷം രൂപയും ചേർത്തുള്ള തുക ബഡ്ജറ്റിൽ വകയിരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

Empowered Committee തീരുമാനപ്രകാരം മുൻവർഷത്തെ ബാക്കി തുക നീക്കിവച്ചിട്ടുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ ആ സാമ്പത്തിക വർഷത്തിൽ കൂടുതൽ തുക ആവശ്യമായി വന്നില്ല.

ശിപാർശ

2506-00-103-93(03)—രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണം

ബഡ്ജറ്റ് വിഹിതം : 3,20,00,000 രൂപ (25% കേന്ദ്രവിഹിതം) (പ്ലാൻ)

രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി 7 കോടി 10 ലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 3 കോടി 20 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ശേഷിച്ച 3 കോടി 90 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിരുന്നില്ല.

(റഫറൻസ് നമ്പർ E1/154/2018-REV, തീയതി 11-8-2020)

(ഡിലേ സ്റ്റേറ്റ്മെന്റ് 13-1-2021 ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2053-00-093-99—ജില്ലാ എസ്റ്റാബ്ലിഷ്മെന്റ് -കളക്ടർമാരും മജിസ്ട്രേറ്റുമാരും

ബഡ്ജറ്റ് വിഹിതം : 120,85,56,000 രൂപ (നോൺ പ്ലാൻ)

ശബരിമല സീസണോടനുബന്ധിച്ച ചെലവുകൾക്കും ബഹു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്കും ഗോൾഫ് കോഴ്സിനുള്ള കുടിശ്ശിക തുക അനുവദിക്കുന്നതിലേക്കുമായി കൂടുതൽ തുക വേണ്ടിവരുമെന്നതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ 2053-00-093-99-34 Other charges (NP-V) എന്ന ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രൊവിഷനായി ഉണ്ടായിരുന്ന 50 ലക്ഷം രൂപ കൂടാതെ ഉപധനാഭ്യർത്ഥനയിലൂടെ 10,46,73,000 രൂപ കൂടി അധികമായി അനുവദിക്കപ്പെട്ടിട്ടുള്ളതും ഇതുസഹിതം ആകെ ലഭ്യമായിരുന്ന 10,96,73,000 രൂപയിൽ ടി ആവശ്യങ്ങൾക്കായി 9,74,88,000 രൂപ ചെലവഴിച്ചിട്ടുള്ളതും ബാക്കി തുക സറണ്ടർ ചെയ്തിട്ടുള്ളതുമാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

(റഫറൻസ് നമ്പർ എഫ്2/373/2017-റവ, തീയതി 21-1-2021)

## അദ്ധ്യായം VII

സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളും

ഇല്ല.

**കെ. രാജൻ,**

തിരുവനന്തപുരം,
2021 ജൂലൈ 1.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

അനുബന്ധം

## 2020 ജൂലൈ 23-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2020 ജൂലൈ 23-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക്ശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ കോവിഡ് -19 മാനദണ്ഡങ്ങൾ പാലിച്ച് യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും സന്നിഹിതനായിരുന്നു. താഴെപ്പറയുന്ന അംഗങ്ങൾ നേരിട്ടും ഓൺലൈനായും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു.

1. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
2. ശ്രീ. കോവ്വൂർ കുഞ്ഞുമോൻ, എം.എൽ.എ.
3. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.(ഓൺലൈൻ)
4. ശ്രീ. കെ. രാജൻ, എം.എൽ.എ.(ഓൺലൈൻ)
5. ശ്രീമതി ഷാനിമോൾ ഉസ്മാൻ, എം.എൽ.എ.(ഓൺലൈൻ)

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി രജി. ഡി.ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. എ. ജയതിലക്, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്. (ഓൺലൈൻ)
2. ശ്രീമതി ലത. സി.എ, ലാന്റ് റവന്യൂ കമ്മീഷണർ. (ഓൺലൈൻ)
3. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, ദുരന്തനിവാരണ അതോറിറ്റി(ഓൺലൈൻ)
4. ശ്രീ. വി. വിലാസചന്ദ്രൻ നായർ, അഡീഷണൽ സെക്രട്ടറി, റവന്യൂ(ദേവസ്വം)വകുപ്പ്
5. ശ്രീമതി വിജയശ്രീ. എസ്, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്

സമിതി, The Kerala Service Inam Land (Vesting and Enfranchisement) Amendment Rules, വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും കരട് റിപ്പോർട്ടുകൾ പരിഗണിക്കുകയും ചെയ്തു. യോഗത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. ചട്ടങ്ങളുടെ സാധൂകരണം സംബന്ധിച്ച്

The Kerala Service Inam Land (Vesting and Enfranchisement) Amendment Rules, 2019 (എസ്.ആർ.ഒ.നമ്പർ 996/2019, തീയതി 23-12-2019)

(ഫയൽ നമ്പർ 1695/സബ്.സി.ബി1/2020/നി.സെ.)

The Kerala Service Inam Land (Vesting and Enfranchisement) Amendment Rules, 2019 സമിതി പരിഗണിക്കുകയും സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം തേടാതെ ചട്ടം ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ച നടപടി സാധൂകരിക്കുകയും ചെയ്തു.

II. നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന സംബന്ധിച്ച്

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 21

(ഫയൽ നമ്പർ 4577/സബ്.സി.ബി1/2016/നി.സെ.)

2. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 3-10, 12-15, 19 എന്നിവയിന്മേലുള്ള നടപടി റിപ്പോർട്ട്, പ്രസ്തുത റിപ്പോർട്ടിലെ പൊതുശിപാർശകളിന്മേൽ (ശിപാർശ നമ്പർ 21, 22) തൊഴിലും നൈപുണ്യവും (ഡി), (ജി), പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി), കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) എന്നീ വകുപ്പുകളിൽ നിന്നുള്ള നടപടി റിപ്പോർട്ടുകൾ.

(ഫയൽ നമ്പർ 3015/സബ്.സി.ബി1/2019/നി.സെ.)

III. കരട് റിപ്പോർട്ടുകളുടെ പരിഗണന സംബന്ധിച്ച്

താഴെ പറയുന്ന കരട് റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

1. 2019-20 സാമ്പത്തിക വർഷത്തെ സമിതിയുടെ ആനുകാലിക റിപ്പോർട്ടിന്റെ കരട്

2. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്.

യോഗം ഉച്ചയ്ക്കുശേഷം 3.30 -ന് പിരിഞ്ഞു.

---

## A. 2020 ഡിസംബർ 23-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2020 ഡിസംബർ 23-ാം തീയതി ബുധനാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ വീഡിയോ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങൾ നേരിട്ടും ഓൺലൈനായും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു.

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. കെ. എൻ. എ ഖാദർ, എം.എൽ.എ. (ഓൺലൈൻ)
4. ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ.
5. ശ്രീ. കെ. രാജൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി രജി. ഡി. ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. എ. ജയതിലക്, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീമതി രാരി രാജൻ, സ്പെഷ്യൽ സെക്രട്ടറി, റവന്യൂ വകുപ്പ്
3. ശ്രീ. ജെ. ബെൻസി, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
4. ശ്രീ. സാജു. എസ്, അഡീഷണൽ സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്
5. ശ്രീ. കെ. സുനിൽ കുമാർ, ജോയിന്റ് സെക്രട്ടറി, ആർ. കെ. ഐ (റീബിൽഡ് കേരള ഇനിഷ്യറ്റീവ്)
6. ശ്രീമതി ആർ. ഗിരിജ, ഡയറക്ടർ, സർവ്വേ ആൻഡ് ലാന്റ് റിക്കോഡ്സ്.

സമിതിയുടെ വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ചട്ടത്തിന്മേൽ തയ്യാറാക്കിയ കുറിപ്പ് എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. യോഗത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. നടപടി സ്റ്റേറ്റ്മെന്റ് പരിഗണന സംബന്ധിച്ച്

ചുവടെ ചേർക്കുന്ന, വിവിധ സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 3, 4, 5, 9, 10, 11 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നമ്പർ 3409/സബ്.സി ബി1/2015/നി.സെ.)

2. 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 6, 7, 20, 21 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികയും

(ഫയൽ നമ്പർ 1605/സബ്സി.ബി1/2018/നി.സെ.)

3. 2019-20 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 1, 2, 3, 20 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികയും

(ഫയൽ നമ്പർ 3015/സബ്.സി ബി1/2019/നി.സെ.)

4. 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 25, 26 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ.

(ഫയൽ നമ്പർ 1517/സബ്.സി ബി1/2020/നി.സെ.)

II. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ കുറിപ്പ്:-

കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ചട്ടത്തിന്റെ (SRO No. 916/2019, തീയതി 30-10-2019) വിശദീകരണക്കുറിപ്പിൽ മാറ്റം വരുത്താത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 4935/സബ്.സി ബി1/2018/നി.സെ.)

കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ചട്ടത്തിന്റെ വിശദീകരണക്കുറിപ്പിലെ മാറ്റം സംബന്ധിച്ച് റവന്യൂ (പി) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 11.00 മണിക്ക് അവസാനിച്ചു.

## 2021 ഫെബ്രുവരി 25-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2021 ഫെബ്രുവരി 25-ാം തീയതി വ്യാഴാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ കോവിഡ് -19 മാനദണ്ഡങ്ങൾ പാലിച്ച് യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഓൺലൈനിൽ സന്നിഹിതനായിരുന്നു. താഴെപ്പറയുന്ന അംഗങ്ങൾ നേരിട്ടും ഓൺലൈനായും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു.

1. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
2. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
3. ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ. (ഓൺലൈൻ)

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എ. ജാഫർഖാൻ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി രജി. ഡി. ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി ഗിരിജ കുമാരി. ജി, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. വി. വിലാസചന്ദ്രൻ നായർ, അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
3. ശ്രീ. ബിജു. കെ, ലാന്റ് റവന്യൂ കമ്മീഷണർ
4. ശ്രീമതി ആർ ഗിരിജ, ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്
5. ശ്രീ. എം. ജി. രാജമാണിക്യം, ഡയറക്ടർ, വ്യവസായ വകുപ്പ്.

സമിതിയുടെ വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, ദി ഗവൺമെന്റ് ലാൻഡ് (അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ്) റൂൾസ്, 1998-ന്മേലുള്ള പുതുക്കിയ കരട് ചട്ടം ലഭ്യമാക്കാത്തതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കുറിപ്പ് എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. യോഗത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. <u>നടപടി സ്റ്റേറ്റ്മെന്റ്കളുടെ പരിഗണന സംബന്ധിച്ച്</u>

ചുവടെ ചേർക്കുന്ന, വിവിധ സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 12-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 3409/സബ്.സി ബി1/2015/നി.സെ.)

2. 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 5, 15, 22, 24 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ.

(ഫയൽ നമ്പർ 4577/സബ്സി.ബി1/2016/നി.സെ.)

3. 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 8-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും.

(ഫയൽ നമ്പർ 1605/സബ്.സി ബി1/2018/നി.സെ.)

4. 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 1,4,6,8,23 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ.

(ഫയൽ നമ്പർ 1517/സബ്.സി ബി1/2020/നി.സെ.)

2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 22, 24 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കവെ, പാറശ്ശാല, ബാലുശ്ശേരി നിയോജകമണ്ഡലങ്ങളിലെ പട്ടയവിതരണം സംബന്ധിച്ച കാലതാമസം സമിതി ചൂണ്ടിക്കാട്ടുകയും ആയതിന്റെ കാരണം ആരായുകയും ചെയ്തു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടെന്നും ആയതിൽ അനുവാദം ലഭിക്കുന്നപക്ഷം പട്ടയവിതരണത്തിനായി, ബന്ധപ്പെട്ട കളക്ടർക്ക് നിർദ്ദേശം നൽകാമെന്നും ലാന്റ് റവന്യൂ കമ്മീഷണർ സമിതിക്ക് മറുപടി നൽകി. തുടർന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കിയ കേസുകൾക്ക് മൂന്ന് ദിവസത്തിനകം പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കുന്നതിനായി തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിലെ കളക്ടർമാർക്ക് നിർദ്ദേശം നൽകുവാൻ സമിതി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

II. <u>സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ കുറിപ്പ് സംബന്ധിച്ച്</u>

<u>ദി ഗവൺമെന്റ് ലാൻഡ് (അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസ്) റൂൾസ്, 1998 - പുതുക്കിയ കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>.

(ഫയൽ നമ്പർ 15150/സബ്.സി ബി1/99/നി.സെ.)

ദി ഗവൺമെന്റ് ലാൻഡ് (അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ്) റൂൾസിന്റെ കരട് ചട്ടം വ്യവസായ-റവന്യൂ വകുപ്പുകൾ സംയുക്തമായി പരിശോധിച്ച്, 1964-ലെ മൂലചട്ടത്തിൽ മാറ്റങ്ങൾ വരുത്തി റവന്യൂ വകുപ്പ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്റെ റിപ്പോർട്ട് 24-2-2021-ന് നിയമ വകുപ്പിന്റെ പരിശോധനയ്ക്കായി അയച്ചിട്ടുണ്ടെന്നും നയപരമായ തീരുമാനമായതിനാൽ മന്ത്രിസഭ കൂടി പരിശോധിച്ചതിനുശേഷം ആയത് സമിതിയുടെ പരിഗണനയിൽ കൊണ്ടുവരുന്നതായിരിക്കും ഉചിതമെന്നും ലാൻഡ് റവന്യൂ കമ്മീഷണർ സമിതിയെ അറിയിച്ചു.

ഈയവസരത്തിൽ, സ്ഥലവും മേഖലയും അനുവദിക്കുവാൻ ഹയർ പർച്ചേഴ്സ് ചട്ടങ്ങളും ലീസ് ചട്ടങ്ങളും 1998-ൽ സമർപ്പിച്ച ചട്ടങ്ങളും നിലവിലുണ്ടെന്നും, 2013-ൽ ഹയർ പർച്ചേഴ്സ് റൂളിനുപകരം ലീസ് റൂളിലേയ്ക്ക് മാറുന്നതിനുള്ള തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 2013 മുതൽ 2020 വരെയുള്ള കാലയളവിൽ വ്യാവസായികാവശ്യത്തിനുള്ള ഭൂമി ലീസ് ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുണ്ടെന്നും എന്നാൽ ലീസ് റേറ്റ് കൂടുതലായതുമൂലം വ്യവസായികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച്, 2020-വരെ ഹയർ പർച്ചേഴ്സ് റൂളിലേക്ക് മാറാൻ തീരുമാനമെടുത്തെന്നും വ്യവസായ വകുപ്പ് ഡയറക്ടർ സമിതിക്ക് വിശദീകരണം നൽകി. കൂടാതെ 1998-ലെ റൂൾസിന്റെ അടിസ്ഥാനത്തിൽ വ്യവസായ-റവന്യൂ വകുപ്പുകൾ സംയുക്തമായി പരിശോധിച്ച് കാലാനുസൃതമായ മാറ്റം റൂൾസിൽ വരുത്തിയാണ് ഇപ്പോൾ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തുടർന്ന് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കാൻ സമിതി നിർദ്ദേശം നൽകി.

യോഗം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് പിരിഞ്ഞു.